**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5195**

**27.07.2015-ൽ മറുപടി നൽകേണ്ടത്**

**ഐ.എ.എസ്. നിഷേധിയ്ക്കപ്പെട്ട ശ്രീ. കെ.വി. മുരളീധരന്റെ പ്രമോഷൻ**

ചോദ്യം

**ശ്രീ.എ.കെ. ശശീന്ദ്രൻ**

എ) 27 വർഷമായി ഐ.എ.എസ്. പ്രമോഷൻ നിഷേധിക്കപ്പെട്ട പട്ടികജാതിക്കാരനായ ഡെപ്യൂട്ടി കളക്ടർ ശ്രീ. കെ.വി. മുരളീധരന്റെ പ്രൊമോഷൻ ഫയലിൽ എന്തു നടപടി സ്വീകരിച്ചു ;

ബി) ഈ ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ; സെലക്ഷൻ കമ്മിറ്റി വിളിച്ച് ഫയൽ പരിഗണിക്കുന്നതിനാവശ്യമായ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വെളിപ്പെടുത്താമോ?

മറുപടി

**ശ്രീ. അടൂർ പ്രകാശ്**
**(റവന്യൂവും കയറും വകുപ്പുമന്ത്രി)**

**(എ)യും (ബി)യും**

പി.എസ്.സി. മുഖേന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ച ശ്രീ.കെ.വി.മുരളീധരൻ, സ്ഥാനക്കയറ്റത്തിലൂടെ ഐ.എ. എസ്. പ്രൊമോഷൻ ലഭിക്കുന്നതിനായുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ ഫീൽഡ് ഓഫ് ചോയിസിൽ ഇടം നേടിയിരുന്നുവെങ്കിലും ടിയാനെതിരെ നിരവധി വകുപ്പുതല അച്ചടക്ക നടപടികൾ നിലനിന്നിരുന്നതിനാൽ സംസ്ഥാന സർക്കാർ 'ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ്' നൽകിയിരുന്നില്ല. ആയതിനാലാണ് മുൻവർഷങ്ങളിൽ ഐ.എ.എസ്. ലഭിക്കാതിരുന്നത്. ഇതിനോടകം ടിയാനെതിരെ എടുത്തിട്ടുള്ള 8 അച്ചടക്ക നടപടികളിലായി, 6 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെയും, 8 വാർഷിക വർദ്ധനവുകൾ സഞ്ചിത ഫലമില്ലാതെയും തടയുകയും 2 തവണ 'താക്കീത്' നൽകുകയും ചെയ്തിട്ടുണ്ട്. 2014 സെലക്ഷൻ വർഷത്തിൽ പ്രൊമോഷൻ മുഖേന ഐ.എ.എസ്. ലഭിക്കാൻ ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 8 വർഷം പൂർത്തിയാക്കിയത് ശ്രീ. കെ.വി. മുരളീധരൻ

മാത്രമേ ഉള്ളൂവെങ്കിലും ടിയാനെതിരെ 22.07.2013 തീയതിയിലെ സ.ഉ.(സാധാ) നം.4167/2013/റവ. പ്രകാരം ചുമത്തിയ അച്ചടക്ക നടപടിയുടെ ശിക്ഷാകാലാവധി 21.07.2015 തീയതിയിൽ മാത്രമേ തീരുകയുള്ളൂ എന്നതിനാൽ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് തടഞ്ഞുകൊണ്ടുള്ള 2014 സെലക്ഷൻ വർഷത്തിലെ ഐ.എ.എസ്. പ്രൊമോഷൻ സംബന്ധിച്ച ശുപാർശ പൊതുഭരണ (സ്പെഷ്യൽ-എ) വകുപ്പിന് നൽകിയിട്ടുണ്ട്. ടിയാനെതിരെ കഴിഞ്ഞ നിരവധി വർഷങ്ങളായി നിലനിന്നിരുന്ന അച്ചടക്ക നടപടികളുടെ ഫലമായാണ് ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കാഞ്ഞത്.

**സെക്ഷൻ ഓഫീസർ**